കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പാട്യം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

*e-mail:lfaddistofficeknr@gmail.com*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8 /2224/ 2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ
Email:*lfaddistofficeknr@gmail.com*
Phone: 0497-2707698

തീയ്യതി :7.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

പാട്യം ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : പാട്യം ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/2224/2016

തീയ്യതി :7.01.2017

# കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പാട്യം ഗ്രാമ പഞ്ചായത്ത് 1-4-2015 മുതൽ 3-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവും അവയുടെ ഒടുക്കം വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31എണ്ണത്തിനും മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തമുണ്ടാ യിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5-12-2016 മുതൽ 19-12-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ |
| ശ്രീ. പ്രദീപ് കുമാർ. എം.. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. രാജിമ. എ.സി. | ഓഡിറ്റർ |
| ശ്രീമതി. പ്രീതി.പി. 9-12-2016 വരെ | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. വി.കെ. ജലജ ടീച്ചർ | 1-4-2015 മുതൽ<br>31-10-2015 വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | ശ്രീ. പി. രവീന്ദ്രൻ, സെക്രട്ടറി<br>ശ്രീ. പ്രമോദ്. എസ്, കൃഷിഓഫീസർ<br>ശ്രീമതി. ആശാലത. വി.വി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1-11-2015 മുതൽ 18-11-2015 വരെ |
| പ്രസിഡന്റ് | ശ്രീ. ബാലൻ മാസ്റ്റർ | 19-11-2015 മുതൽ<br>31-3-2016 വരെ |
| സെക്രട്ടറി | ശ്രീമതി. എൻ. ഉഷ. അസിസ്റ്റന്റ് സെക്രട്ടറി,<br>(സെക്രട്ടറി ഇൻ -ചാർജ്) | 1-04-2015 മുതൽ<br>22-07-2015 വരെ |
| | ശ്രീ. പി. രവീന്ദ്രൻ. | 23-07-2015 മുതൽ<br>31-03-16 വരെ |

സി. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പ്രണാം. കെ. ടി. | 01-04-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. പ്രമോദ്. എസ്. | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ. (പാട്യം) | ശ്രീ. സന്തോഷ് മമ്മാലി. | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ. (ചെറുവാഞ്ചേരി) | ശ്രീമതി. രേഷ്മ രവീന്ദ്രൻ. | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ആശാലത. വി.വി. | 01-04-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ. അമൃതകല. | 01-04-2015 മുതൽ 12-04-2015 വരെ |
| | ഡോ. ദിലീപ് നാരായണൻ. | 13-04-2015 മുതൽ 10-08-2015 വരെ |
| | ഡോ. ഷിജിൻ ജോസഫ്. | 11-08-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഡിജോ ജോസഫ്. | 01-04-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. രാജ് മോഹൻ. | 01-04-2015 മുതൽ 19-02-2016 വരെ |
| | ഡോ. പ്രദോഷ് കുമാർ. | 20-02-2016 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. എൻ. ഉഷ. | 01-04-2015 മുതൽ 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. സരള. കെ. | 01-04-2015 മുതൽ 31-05-2015 വരെ |
| | ശ്രീ. രാജൻ. ടി.പി. | 01-06-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിവരം ലഭ്യമല്ല. | 1-11 | |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വസ്തുനികുതി ഡിമാന്റ് രജിസ്ററർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 2-1 | |
| 13 | തൊഴിൽ നികുതി -അപാകങ്ങൾ | 2-2 | |
| 14 | ഡി &ഒ ലൈസൻസ്സ് അപാകങ്ങൾ | 2-3 | |
| 15 | പരസ്യനികുതി ഈടാക്കുന്നില്ല | 2-4 | |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ് - സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല | 3-1 | |
| 17 | പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-2 | |
| 18 | പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റിന് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹ 10,000 | 3-3 | |

| | | | |
|---|---|---|---|
| | യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | | |
| 19 | പി.എച്ച്.സി ക്ക് മുഴുവൻ മരുന്നും ലഭ്യമായില്ല - ₹20,851 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 | |
| 20 | പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ/പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹147706 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 | |
| 21 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹1,59,360 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-6 | |
| 22 | പട്ടികജാതി ഭവനപുനരുദ്ധാരണം - വാല്വേഷൻ സർട്ടിഫക്കറ്റ് ലഭ്യമാക്കിയിട്ടില്ല ₹50,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-7 | |
| 23 | നെൽവിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹54,990യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 | |
| 24 | വാഴകന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹450483 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-9 | |
| 25 | റോഡ് ടാറിംഗ് പ്രവൃത്തികൾ- ടാർ ബാരൽ വില, VATഎന്നിവ ഈടാക്കിയതിൽ കുറവ് വന്നതിനാൽ ₹5,016 ഗ്രാമ പഞ്ചായത്തിനും ₹726 സംസ്ഥാന സർക്കാറിനും നഷ്ടം | 3-10 | |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 3-11 | |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -100 ദിവസം തൊഴിൽ ലഭ്യമാക്കിയില്ല | 3-12 | |

ഭാഗം 4.

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| | | | |
|---|---|---|---|
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധങ്ങൾ | | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |
| 38 | റസീറ്റ് & പെയ്മെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2 | |
| 39 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-3 | |
| 40 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 25-3-2015 ലെ 20/2015 -ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 4-2-2016 ലെ 22a/2016 (1) -ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് -ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരം ഉള്ളത് | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|---|

| | | | ₹ | കൂടുതൽ | കുറവ് | |
|---|---|---|---|---|---|---|
| മുന്നിരിപ്പ് | 31,02,205 | 1,74,77,783 | 2,88,35,461 | 1,13,57,678 | - | +64.98 |
| വരവ് | 10,18,66,000 | 9,03,60,418 | 3,69,15,984 | - | 5,34,44,434 | - 59.15 |
| ആകെ | 10,49,68,205 | 10,78,38,201 | 6,57,51,445 | - | 4,20,86,756 | -39.03 |
| ചെലവ് | 10,17,31,800 | 9,85,34,294 | 4,35,93,496 | - | 5,49,40,798 | -55.76 |
| നീക്കിയിരിപ്പ് | 32,36,405 | 93,03,907 | 2,21,57,949 | 1,28,54,042 | - | +138.16 |

ബജറ്റ്/പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ തമ്മിൽ ഭീമമായ തുകയുടെ അന്തരമുണ്ട് വരുംവർഷങ്ങളിലെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകം പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-07-2016 | 05-07-2016 | തിരിച്ചയച്ചിട്ടില്ല തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | 9-12-2016 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക കണക്കിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു

1) മലബാർ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 20,000 രൂപയുടെ ഷെയർ ഗ്രാമപഞ്ചായത്തിനുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ സ്ഥിരനിക്ഷേപങ്ങളുടെ വിവരം കാണിക്കുന്ന ബി-12 ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

2) തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള പഞ്ചായത്ത് ഫണ്ട് (₹1,36,12,448.49) ബി-1 ഷെഡ്യൂളിലെ 3-)ാം കോളം പ്രകാരമുള്ള ആകെ തുകയിൽ നിന്ന് (₹1,60,57,941.49) Income & Expenditure പത്രിക പ്രകാരമുള്ള Deficit (₹24,45,393) കുറച്ച തുകയോട് (₹1,36,12,548.49) പൊരുത്തപ്പെടുന്നില്ല.100 രൂപയുടെ വ്യത്യാസമുണ്ട്.

3) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

4)സെക്രട്ടറി ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ മുഖേന നിർവഹണം നടത്തിയ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല.

5) സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പടുത്തിയിട്ടില്ല.

6) ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തി സംബന്ധിച്ച കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.
7)B-5 ഷെഡ്യൂൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ₹25,000 വ്യത്യാസം ക്രമപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 2,88,35,461 |
| വരവ് | 3,69,15,984 |
| ആകെ | 6,57,51,445 |
| ചെലവ് | 4,35,93,496 |
| നീക്കിയിരിപ്പ് | 2,21,57,949 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 29,08,414 | 85,09,293 | 1,14,17,707 | 1,14,17,707 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി) | 1,38,703 | 5,15,373 | 6,54,076 | 6,54,076 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി) | 7,22,487 | 26,51,919 | 33,74,406 | 33,74,406 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9,28,977 | 22,74,756 | 32,03,733 | 32,03,733 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1,59,430 | 41,58,693 | 43,18,123 | 43,18,123 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 3,77,513 | 35,45,038 | 39,22,551 | 39,22,551 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 0 | 71,87,148 | 71,87,148 | 71,86,175 | 973 | 99.99 |
| ബി. ഫണ്ട് | 0 | 3,19,97,760 | 3,19,97,760 | 3,19,97,760 | 0 | 100 |
| ലോകബാങ്ക് സഹായം | 31,67,838 | - 2,637 | 31,65,201 | 3,16,521 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ ₹ | (എണ്ണം) | ചെലവ് ₹ | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 159 | 4,83,93,327 | 125 | 3,37,12,553 | 9 | 25 | 78.62 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 32,35,486 | 31,64,352 | (-)71,134 | (-)2.20 |
| നികുതിയേതര വരവുകൾ | 6,82,991 | 8,09,474 | (+)1,26,483 | (+)18.52 |
| മറ്റ് വരവുകൾ | 15,554 | 21 | (-)15,333 | (-)98.58 |
| ആകെ | 39,34,031 | 39,73,847 | 39,816 | (+)1.01 |

## 1-8 ക്ഷേമപദ്ധതികൾ

2015-16വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,54,560 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 34,06,770 | 447 |
| വിധവാ പെൻഷൻ | 1,10,74,440 | 1228 |
| വാർദ്ധക്യകാല പെൻഷൻ | 1,19,43,450 | 1326 |
| വികലാംഗ പെൻഷൻ | 28,84,900 | 347 |
| അവിവാഹിത പെൻഷൻ | 23,33,280 | 248 |
| വിവാഹ ധനസഹായം | 1,50,000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5-12-2016 ന് 3.50 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹

10,130 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7-9-2009 | 2001-02 | 15-10-2009 |
| പെർഫോമൻസ് ഓഡിറ്റ് | 22-7-2016 മുതൽ 23-7-2016 വരെ | 1-4-2016 മുതൽ 30-6-2016വരെ | 7-9-2016 |

## 1-11 വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൂടുതൽ വിവരം ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ₹21,38,765 യുടെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാൻ ബാക്കിയുണ്ട്. ഈ തുകകൾ ഏതൊക്കെ വർഷങ്ങളിൽ ലഭിച്ചതാണെന്നും തുക ചെലവഴിക്കാതിരിക്കാനുള്ള കാരണങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ മേൽ തുകകളുടെ നിജസ്ഥിതി പരിശോധിച്ച് ചെലവഴിക്കാത്ത തുക ഉടനടി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഡിമാന്റ് രജിസ്ററർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പാട്യം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഡിമാന്റ് രജിസ്ററർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയെ സംബന്ധിച്ചിട്ടുള്ള വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി വരവിന്റെ കൃത്യത ഓഡിറ്റിൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 2-2 തൊഴിൽ നികുതി -അപാകങ്ങൾ

2015-16 വർഷത്തെ തൊഴിൽ നികുതിയുടെ രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെകൊടുക്കുന്നു.

1. തൊഴിൽ നികുതി റിട്ടേണിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

1. പാട്യം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ 2015-16 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേണിൽ ജീവനക്കാരുടെ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2. രമേഷ് ചന്ദ്ര വുഡ് വർക്സ് ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണിൽ 2015-16ലെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

തൊഴിൽ നികുതി റിട്ടേണിൽ വരുമാനം രേഖപ്പെടുത്താതെ ഈടാക്കേണ്ടുന്ന തൊഴിൽ നികുതി മാത്രം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

2. സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി യിട്ടില്ല.

1. വെൽകെയർ ഫ്യുവൽസ്
2. പ്രഭാ സോമിൽ, ക്കുറ്റേരിപ്പൊയിൽ

3. തൊഴിൽ നികുതി വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല

താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും 2015-16 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിൽ ₹240 യുടെ കുറവ് വന്നിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക സ്ഥാപനത്തിന്റെ പേര് | 2015-16 ഒന്നാം അർദ്ധവർഷത്തെ വരുമാനം₹ | തൊഴിൽ നികുതി | | |
|---|---|---|---|---|---|
| | | | ഈടാക്കേണ്ടത് ₹ | ഈടാക്കിയത് ₹ (രശീതി നമ്പർ തീയ്യതി) | കുറവ് ₹ |
| 1 | സയന. കെ, ടീച്ചർ മഹാത്മ ഗാന്ധി ആർട്സ് & സയൻസ് കോളേജ് | 32,000 | 300 | 120 (22091/23 28-9-2015) | 180 |
| 2 | സുമ ഹെൽപ്പർ, ഗുരു ബാബ ചാരിറ്റബിൾ സൊസൈറ്റി | 18,000 | 180 | 120 (11504107949 21-3-2016) | 60 |
| ആകെ | | | | | 240 |

തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് വന്ന ₹240 മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നോ ഉത്തവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-3 ഡി &ഒ ലൈസൻസ് അപാകങ്ങൾ

പാട്യം ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം 395 ഡി&ഒ ലൈസൻസ് അപേക്ഷകളിൻമേലാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഡി&ഒ ലൈസൻസ് ഫീസിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡി& ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ്

2015-16 വർഷം പാട്യം ഗ്രാമപഞ്ചായത്ത് വ്യാപാരികളിൽ നിന്നും ഡി &ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ താഴെപ്പറയും പ്രകാരം ₹2,350യുടെ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | വ്യാപാരിയുടെപേര്, കെട്ടിട നമ്പർ സംരംഭം | ദിവസേനയുള്ള വിററുവരവ് (അപേക്ഷയിൽ രേഖപ്പെടുത്തിയത്) ₹ | ഡി &ഒ ലൈസൻസ് ഫീസ് | | |
|---|---|---|---|---|---|
| | | | 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പട്ടിക II പ്രകാരം ഈടാക്കേണ്ട ഫീസ് ₹ | ഈടാക്കിയത് (രശീതി നമ്പർ തീയ്യതി) | കുറവ് ₹ |
| 1 | സീന പുരുഷോത്തമൻ 13/242 A പെട്രോൾ പമ്പ് | 50,000 ന് മുകളിൽ | 2,000 | 300 (11504100917 20-04-2015) | 1,700 |
| 2 | സജിത്ത് ഇ പി, സോന നിവാസ് 9/389 , അനാദി മൊത്തവ്യാപാരം | 13,000 | 300 | 100 (11404106546 07-02-2015) | 200 |
| 3 | സജിത്ത് ഇ പി, സോന നിവാസ് | 13,000 | 300 | 100 (11404106547 | 200 |

| | | | | | |
|---|---|---|---|---|---|
| | 9/389 I<br>അനാദി മൊത്തവ്യാപാരം | | | 07-02-2015) | |
| 4 | എം സി അശോകൻ<br>സോപാനം<br>4/246<br>റേഷൻകട | 6,000 | 200 | 50<br>(11504108100 28.03.2016) | 150 |
| 5 | കെ പത്മനാഭൻ<br>ശ്രീപത്മം<br>2/198C<br>പൈപ്പ്, ഷീറ്റ് വിൽപന | 10,000 | 200 | 100<br>11404107352 25-2-2015) | 100 |
| | | | | | 2,350 |

ഡി &ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന ₹2,350 ബന്ധപ്പെട്ട വ്യാപാരികളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2. ഡി & ഒ ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഡി & ഒ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് (ചട്ടം 7 പട്ടിക II). എന്നാൽ ഡി&ഒ ലൈസൻസ് അനുവദിച്ച ചില അപേക്ഷകളിൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ അപൂർണ്ണമായ അപേക്ഷകളിൻമേലുള്ള ലൈസൻസ് ഫീ നിർണ്ണയത്തിലെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസിയുടെ പേര് | വാർഡ് /കെട്ടിട നമ്പർ | സംരംഭം |
|---|---|---|
| പി പി പ്രകാശൻ, ലക്ഷ്മി നിലയം, ചെറുവാഞ്ചേരി | 8/294 A | പച്ചക്കറി കട |
| കാഞ്ചന രാജൻ, അമൃതം, ചെറുവാഞ്ചേരി | 10/429 | വാടക സാധനങ്ങൾ |
| പവിത്രൻ വി, വെങ്ങേന്റ വളപ്പിൽ, മൂര്യാട് | 8/187 | ഇലക്ട്രോണിക്സ് റിപ്പയർ |

3. ഡി&ഒ ലൈസൻസ് പുതുക്കൽ അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും

ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പ് നൽകേണ്ടതാണ്. എന്നാൽ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം 395 ലൈസൻസുകൾ അനുവദിച്ചതിൽ 42അപേക്ഷകൾ മാത്രമേ പുതുക്കൽ അപേക്ഷ സമർപ്പിക്കേണ്ട തീയതിയായ ഫിബ്രവരി മാസത്തെ അവസാന ദിവസത്തിനുള്ളിൽ സമർപ്പിച്ചിട്ടുള്ളൂ. ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നത് ഡി&ഒ ലൈസൻസ് ചട്ടങ്ങളുടെ ലംഘനവും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് തുല്യവുമാണ്. ഡി&ഒ ലൈസൻസ് ചട്ടം 26 പ്രകാരം ചട്ടലംഘനം പിഴ ഈടാക്കാവുന്ന കുറ്റമാണ്(കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 255).

4. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.

പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടോ എന്നുള്ളതിനെ കുറിച്ചുള്ള യാതൊരു വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല.

5 .ഡി & ഒ ലൈസൻസ് ഫീസ് -കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല

2014-15 കാലയളവിൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 386വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ 2015-16 കാലയളവിൽ 43പുതിയ വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടെ 395 വ്യാപാരസ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയുട്ടുള്ളത്. ബാക്കിയുള്ള 34 സ്ഥാപനങ്ങൾ ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഡി &ഒ ലൈസൻസ് ഫീസിനത്തിൽ 2014-15 വർഷം ₹44,965 വരവുണ്ടെങ്കിലും 2015-16 വർഷം ഡി &ഒ ലൈസൻസ് ഫീസിനത്തിൽ ₹39,500 മാത്രമേ വരവുള്ളൂ. മുൻ വർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതും ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളതുമായ ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പു തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ ഇത്തരത്തിൽ യാതൊരു പരിശോധനയും നടന്നതായി കാണുന്നില്ല ആയതിനാൽ ഡി & ഒ ലൈസൻസ് ഡിമാന്റ് കണക്കാക്കിയിട്ടുള്ളത് പരിശോധന റിപ്പോർട്ടിന്റെയോ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെയോ അടിസ്ഥാനത്തിലല്ലെന്നും പിരിച്ചെടുത്ത തുക തന്നെ ഡിമാന്റായി കണക്കാക്കുകയാണ് ചെയ്യുന്നതെന്നും ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങനളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ് - സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല

ഓഡിറ്റ് കാലയളവിൽ തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം ₹45,233 ഒടുക്കി വരുന്നുണ്ട്. കത്തുന്ന തെരുവ് വിളക്കുകൾക്ക് മാത്രമേ വൈദ്യുതി ചാർജ് ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ KSEB നൽകുന്ന ഇൻവോയിസിന്റെ അടിസ്ഥാനത്തിലുള്ള തുക ഒടുക്കുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള

തെരുവ് വിളക്കുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കത്തുന്ന തെരുവ് വിളക്കുകൾക്ക് മാത്രമേ വൈദ്യുതി ചാർജ് ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഓഡിറ്റ് കാലയളവിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം ₹40,688 ഒടുക്കി വരുന്നുണ്ട്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 3-3 പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റിന് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹ 10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

8-6-2015 ലെ ത.സ്വ.ഭ.വകുപ്പിന്റെ ജി.ഒ.(എം.എസ്)188/2015 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന ധനസഹായമായി ₹10,000 വൗച്ചർ നമ്പർ 21500787/16-12-2015 പ്രകാരം പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്-1 ന്റെ (കതിരൂർ) സൂപ്പർവൈസർക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ ഗ്രാമ പഞ്ചായത്തിന് വിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ ₹ 10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പി.എച്ച്.സി ക്ക് മുഴുവൻ മരുന്നും ലഭ്യമായില്ല - ₹20,851 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)

പ്രോജക്ട് നമ്പർ : 84/16

വകയിരുത്തിയ തുക : 1,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് )

ചെലവ് : 1,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് )

ബിൽ നം,തീയതി : 7/15-16, 16-2-2016

മേൽ പ്രോജക്ട് പ്രകാരം പാട്യം പി.എച്ച്.സി ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ₹1,00,000 (ഡി.ഡി-No.721760/16-2-2016) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 16-2-2016 ന് നൽകിയിട്ടുണ്ട്. എന്നാൽ താഴെ കാണിച്ച ഇൻവോയ്സുകൾ പ്രകാരം ₹79,149 യുടെ മരുന്ന് ലഭിച്ചതിന്റെ വിവരം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

| ക്രമ<br>നമ്പർ | ഇൻവോയസ് നമ്പർ<br>തീയ്യതി | തുക<br>₹ |
|---|---|---|
| 1 | 5278/18-3-2016 | 26,322 |

| | | |
|---|---|---|
| 2 | 339/22-4-2016 | 4,162 |
| 3 | 1419/11-6-2016 | 36,119 |
| 4 | 2287/ 31-7-2016 | 12,546 |
| | ആകെ | 79,149 |

₹20,851 യുടെ മരുന്നുകൾ ലഭിമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/14-12-2016) മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ലെന്നുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. ആയതിനാൽ ₹20,851 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ/പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹147706 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ : 46/16 ,<br>പ്രോജക്റ്റിന്റെ പേര് : പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ<br>അടങ്കൽ : ₹1,30,000 വികസന ഫണ്ട് - (ടിഎസ് പി)<br>ചെലവ് തുക : ₹ 1,28,440<br>ബിൽ നമ്പർ : 33/15-16/30-3-2016 | പ്രോജക്റ്റ് നമ്പർ : 141/16 ,<br>പ്രോജക്റ്റിന്റെ പേര് : പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ<br>അടങ്കൽ : ₹ 25,000 വികസന ഫണ്ട് - (എസ് സി പി)<br>: ₹ 1,000 തനത് ഫണ്ട്<br>ആകെ : ₹ 26,000<br>ചെലവ് തുക : ₹ 19,266<br>ബിൽ നമ്പർ : 35/15-16/30-3-2016 |

പ്രോജക്റ്റ് നമ്പർ 46/16 പ്രകാരം പട്ടികവർഗ വിഭാഗത്തിലുള്ള ഇരുപത് കുട്ടികൾക്കും പ്രോജക്റ്റ് നമ്പർ 141/16 പ്രകാരം പട്ടികജാതി വിഭാഗത്തിൽ പെട്ട മൂന്ന് കുട്ടികൾക്കും സൈക്കിൾ നൽകിയിട്ടുണ്ട്. എന്നാൽ 16-11-2013 ലെ പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 16, ഖണ്ഡിക 6.8 ലെ ക്രമനമ്പർ 3ൽ ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ എന്നും പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഈ ആനുകൂല്യം ലഭിക്കുന്നവർ അർഹരല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം നൽകിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,47,706യുടെ (₹1,28,440+₹19,266) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹1,59,360 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 15/16

പ്രോജക്ടിന്റെ പേര് : പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

അടങ്കൽ : ₹1,59,500 വികസന ഫണ്ട് - (ടി.എസ്.പി)

: ₹ 500 തനത് ഫണ്ട്

ആകെ : ₹ 1,60,000

ചെലവ് തുക : ₹ 1,59,360

ബിൽ നമ്പർ : 36/15-16/30-3-2016

മേൽ പദ്ധതി പ്രകാരം പട്ടികവർഗ വിഭാഗത്തിലുള്ള നാൽപത് കുട്ടികൾക്ക് ഫർണിച്ചർ നൽകിയിട്ടുണ്ട്. 16-11-2013 ലെ പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ, അനുബന്ധം 16, ഖണ്ഡിക6.8ലെ ക്രമ നമ്പർ 3 അനുസരിച്ച് ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ എന്നും പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഈ ആനുകൂല്യം ലഭിക്കുന്നവർ അർഹരല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം നൽകിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതതിനാൽ ₹1,59,360 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 പട്ടികജാതി ഭവന പുനരുദ്ധാരണം - വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല ₹50,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ/പേര് : 49/16

പ്രോജക്ടിന്റെ പേര് : പട്ടികജാതി ഭവന പുനരുദ്ധാരണം

അടങ്കൽ : ₹1,28,593 വികസന ഫണ്ട് (എസ് സി പി)

: ₹21,407 തനത് ഫണ്ട്.

ആകെ : ₹ 1,50,000

ചെലവ് തുക/ ബിൽ നമ്പർ : ₹ 25,000 12/15-16/29-1-2016

: ₹ 25,000 17/15-16/26-2-2016

: ₹ 25,000 18/15-16/ 22-3/16

: ₹ 50,000 27/15-16/ 23-3-2016

ആകെ : ₹ 1,25,000

മേൽ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലുള്ള അഞ്ച് ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. 16-11-2013 ലെ പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് ഭവനപുനരുദ്ധാരണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തി സംബന്ധിച്ച റഫ് കോസ്റ്റ് എസ്റ്റിമേറ്റ്, അസിസ്റ്റന്റ്

എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭവനപുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ച ശാന്ത വടക്കയിൽ (ബിൽ നമ്പർ 12/15-16/29-1-2016), നാണി. ടി.പി, തെക്കിനാണ്ടിയിൽ (H), പത്തായക്കുന്ന് (ബിൽ നമ്പർ 17/15-16/29-1-2016) എന്നീ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണ പ്രവൃത്തിയുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 50,000 (₹25,000+₹25,000) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 നെൽവിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹54,990യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ<br>പേര് | 82/16<br>നെൽകൃഷി വികസനം | 123/16<br>കര നെൽകൃഷി വികസനം |
| വകയിരുത്തിയ<br>തുക | ₹32,000<br>വികസന ഫണ്ട് | ₹23,400<br>വികസന ഫണ്ട് |
| ചെലവ് തുക<br>ബിൽ നമ്പർ/തീയതി | ₹31,590<br>1/15-16/11-2-2016 | ₹23,400<br>2/15-16/11-2-2016 |

പ്രോജക്ട് നമ്പർ 82/16 പ്രകാരം ₹31,590 വിനിയോഗിച്ച് 810 കിഗ്രാം ജ്യോതി നെൽവിത്തും പ്രോജക്ട് നമ്പർ 123/16 പ്രകാരം ₹23,400 വിനിയോഗിച്ച് 600 കിഗ്രാം ആതിര നെൽവിത്തും കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വിത്ത് സ്റ്റോക്കിൽ എടുത്തതിന്റെയും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നം.19/16-12.2006) വിത്ത് സ്റ്റോക്കിലെടുക്കുന്നതിന്റെ രേഖകൾ ലഭ്യമാക്കിയെങ്കിലും ഗുണഭോക്താക്കൾക്ക് വിത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നെൽകൃഷി വികസനത്തിന് ചെലവഴിച്ച ₹54,990 (₹31,590+₹23,400) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 വാഴകന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹450483 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നേന്ത്ര വാഴകൃഷി വികസനം (കുടുംബശ്രീ), വാഴകൃഷി വികസനം (എസ്.ടി), നാടൻ വാഴകൃഷി വികസനം എന്നീ പ്രോജക്ടുകളുടെ ചെലവ് വിവരം താഴെകൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ<br>പേര് | 107/16 | 108/16 | 113/16 |

| | നേന്ത്ര വാഴകൃഷി വികസനം (കുടുംബശ്രീ) | വാഴകൃഷി വികസനം (എസ് ടി) | നാടൻ വാഴകൃഷി വികസനം |
|---|---|---|---|
| വകയിരുത്തിയ തുക | ₹2,00,000 വികസന ഫണ്ട് ₹82,000ഗുണഭോക്തൃവിഹിതം | ₹1,58,000 വികസന ഫണ്ട് (ടി എസ് പി) ₹2,000 തനത് ഫണ്ട് ₹81,336 ഗുണഭോക്തൃവിഹിതം | ₹1,46,250 വികസന ഫണ്ട് ₹48,750 ഗുണഭോക്തൃവിഹിതം |
| ചെലവ് തുക | ₹1,79,331 വികസന ഫണ്ട് | ₹1,24,902 വികസന ഫണ്ട് | ₹1,46,250 വികസന ഫണ്ട് |
| ബിൽ നമ്പർ തീയതി | 3/11-2-16 -₹90,000 11/18-3-16 -₹ 89,331 | 4/11-2-16 - ₹45,000 12/18-3-16 - ₹79,902 | 5/16-3-16 - ₹1,46,250 |

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം വാഴകൃഷി വികസനത്തിനായി മൊത്തം 25000 വാഴക്കന്നുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള "ഉർവര" നേഴ്സറി ഗാർഡൻസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | വാങ്ങിയ വാഴക്കന്നുകളുടെ എണ്ണം | തുക | തുക നല്കുന്നതിനായി ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക / ബിൽ നമ്പർ/തീയ്യതി |
|---|---|---|---|---|
| 1 | 107/16 നേന്ത്ര വാഴകൃഷി വികസനം (കുടുംബശ്രീ) | 8,000 | ₹1,20,000 (8,000x15) | ₹90,000 3/15-16/11-2-2016 |
| 2 | 108/16 വാഴകൃഷി വികസനം (എസ് ടി) | 4,000 | ₹60,000 (4,000x15) | ₹45,000 4/15-16/11-2-2016 |
| 3 | 113/16 നാടൻ വാഴകൃഷി വികസനം | 13,000 | ₹1,95,000 (13,000x15) | ₹1,46,250 5/15-16/16-3-2016 |

വാഴകന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകളും "ഉർവര ഗാർഡൻസ്" എന്ന സ്ഥാപനത്തിന് തുക കൈമാറിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് നമ്പർ (20/16.12.2016) "ഉർവര ഗാർഡൻസിന് " തുക കൈമാറിയതിന്റെ രേഖകളും വാഴക്കന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ലഭ്യമാക്കിയെങ്കിലും വാഴകന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാക്കിയിട്ടില്ല. ആയതിനാൽ ₹4,50,483 (₹1,79,331+₹1,24,902+₹1,46,250)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 റോഡ് ടാറിംഗ് പ്രവൃത്തികൾ- ടാർ ബാരൽ വില, VATഎന്നിവ ഈടാക്കിയതിൽ കുറവ് വന്നതിനാൽ ₹5,016 ഗ്രാമ പഞ്ചായത്തിനും ₹726 സംസ്ഥാന സർക്കാറിനും നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി SOR 2012 പ്രകാരം നടപ്പിലാക്കിയ വിവിധ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമെനാണ് ഉപയോഗിച്ചിട്ടുള്ളത്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ തുക കരാറുകാർക്ക് നൽകുമ്പോൾ ടാർ ബാരൽ വില ഒന്നിന് ₹238+14.5%VAT എന്ന തോതിൽ ഈടാക്കുന്നതിന് പകരം ₹150+14.5%VATഎന്ന് ഈടാക്കിയതിനാൽ താഴെപ്പറയും പ്രകാരം ബാരലിന്റെ വിലയിനത്തിൽ ₹5,016 യും VATഇനത്തിൽ ₹726 ഉം ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ഉപയോഗിച്ചിട്ടുള്ള ടാർ ബാരൽ | ഈടാക്കേണ്ടിയിരുന്ന ബാരൽ വില | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | 18/16 കോങ്ങാറ്റ ഹെൽത്ത് സെന്റർ റോഡ് ടാറിംഗ് | 20 | 4,760+ 690(VAT) | 3,000+ 435(VAT) | 1,760+ 255(VAT) |
| 2 | 20/16 താനിന്റെ കീഴിൽ കൊളത്തുപറമ്പ് ടാറിംഗ് | 14 | 3,332+ 483(VAT) | 2,100+ 305(VAT) | 1,232+ 178(VAT) |
| 3 | 21/16 കാര്യാട്ടുപുറം നരവൂർ റോഡ് റീടാറിംഗ് | 10 | 2,380+ 345(VAT) | 1,500+ 218(VAT) | 880+ 127(VAT) |
| 4 | 22/16 മുണ്ടയോട്കോളനി റോഡ് സോളിംഗ് & ടാറിംഗ് | 13 | 3,094+ 449(VAT) | 1,950+ 283(VAT) | 1,144+ 166(VAT) |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 5,016+ 726(VAT) |

റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിന്നും ടാർ ബാരൽ വില, VATഎന്നിവ ഈടാക്കിയതിൽ കുറവ് വന്നതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം വന്ന ₹5,016 യും സംസ്ഥാന സർക്കാറിന് നഷ്ടം വന്ന ₹726 യും ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-11 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - വിനിയോഗ വിവരം ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്റ്റ് നമ്പർ : 50/16

പ്രോജക്റ്റിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

അടങ്കൽ : ₹ 1,56,250 ധനകാര്യ കമ്മീഷൻ അവാർഡ്

: ₹ 1,56,250 സംസ്ഥാനാവിഷ്കൃതം

: ₹ 3,12,500

ആകെ : ₹ 6,25,000

ചെലവഴിച്ച തുക : ₹ 1,56,250

ബിൽ നമ്പർ : 4/15-16/26-3-2016

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി എന്ന മേൽ പ്രോജക്റ്റ് പ്രകാരം 25 ഗുണഭോക്താക്കളുടെ ഗ്രാമ പഞ്ചായത്ത് വിഹിതമായ ₹ 1,56,250 എസ്.എൽ,ബി.പി, ഡെപ്യൂട്ടി ഡയറക്ടർക്ക് (കണ്ണൂർ) നൽകിയിട്ടുണ്ട്. 25 ഗുണഭേക്താക്കളുടെ എൻറോൾ ലിസ്റ്റും അവർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്ന ലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എത്ര തുക വിനിയോഗിച്ചു എന്ന വിവരം ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -100 ദിവസം തൊഴിൽ ലഭ്യമാക്കിയില്ല

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി ജീവിത നിലവാരം ഉയർത്തുക എന്നലക്ഷ്യത്തോടെയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈലക്ഷ്യം കൈവരിക്കുകയുണ്ടായില്ല വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | തൊഴിൽ ചെയ്തവരുടെ എണ്ണം | 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| 2015-16 | 1307 | 1115 | 73 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കുക എന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാത്തത് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക ₹ | പ്രോജക്ട് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 83/16 പെയിൻ &പാലിയേറ്റീവ് | 60,748 | 39,252 |
| | 1,00,000 | 47/16 ബഡ്സ് സ്കൂൾ ദൈനംദിന പ്രവർത്തനം | ഇല്ല | 1,00,000 |
| | 80,000 | 2/16 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 70,500 | 9500 |

ബാക്കിയുള്ള തുക ഉടനടി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തുക തിരിച്ചിടാക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ | തുക | ക്രമീകരിച്ച തുക | ബാക്കി |
|---|---|---|---|---|---|
| അംഗൻവാടികൾക്ക് കറന്റ് കണക്ഷൻ ലഭ്യമാക്കൽ | കെ.എസ്.ഇ.ബി | 21500942 2-2-2016 | 1,000 | 1,000 | ഇല്ല |
| | | 21500952 2-2-2016 | 76,850 | 76,850 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം തൻവർഷം വായ്പയിനത്തിൽ തിരിച്ചടച്ച തുകയുടെ വിവരം താഴെകൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | ₹ | മുതൽ | പലിശ | ₹ |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന നിർമ്മാണ ധനസഹായം | ജി.ഒ (എം.എസ്) 207/2009 ത.സ്വ.ഭ.വ. തീയ്യതി 7-11-2009 | 66,25,000 | 33,12,500 | 6,62,500 | - | 26,50,000 |
| ഇ.എം.എസ്. ഭവന നിർമ്മാണ ധനസഹായം രണ്ടാം ഘട്ടം | ജി.ഒ (എം.എസ്) 63691/DB1/13 ത.സ്വ.ഭ.വ. തീയ്യതി 12-11-2013 | 50,00,000 | 37,62,500 | 5,00,000 | 25,000 | 32,62,500 |
| ആകെ | | | | | | 59,12,500 |

ബാലൻസ് ഷീറ്റ് B-5 പ്രകാരം ഈ ഇനത്തിൽ 58,87,500 രൂപ തിരിച്ചിടാക്കാൻ ബാക്കിയുണ്ട്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുമായി 25,000 രൂപയുടെ വ്യത്യാസം വിശദീകരിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 20,000 |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ സർട്ടിഫിക്കറ്റ് നമ്പർ 4433/15-5-2015 | 20,000 |

| | |
|---|---|
| ആകെ | 20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹34,939 യുടെ വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് വിവരം | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2010-11, 11-12 | 2-4 | 236 | വി.വി. അശോകൻ | 11504102598/8-6-15 |
| 2 | | 2-4 | 110 | എൻ.കെ. രാഘവൻ മാസ്റ്റർ | 11504102663/10-6-15 |
| 3 | 2006-07 | 2-2 | 187 | കെ.പി. രാഘവൻ. | 11504102968/9-7-15 |
| 4 | 2007-08 | 2-2 | 125 | ഇ. പ്രകാശൻ. | 11504103063/14-7-15 |
| 5 | 2006-07 | 2-2 | 87 | എൻ. വി. ഷാജി. | 11504103172/21-7-15 |
| 6 | | 2-2 | 87 | പി.എ. ശകുന്തള. | 11504103350/31-7-15 |
| 7 | | 3-4 | 660 | കെ.പി.ബിവിത | 11504103377/3-8-15 |
| 8 | 2002-03, 03-04 | 3-1 | 982 | എം. നസീർ | 11504103567/18-8-15 |
| 9 | | 3-3 | 118 | എം. നസീർ | 11504103567/18-8-15 |
| 10 | 2010-11, 11-12 | 3-8(25) | 900 | ഇ.എൻ. അഷറഫ്. | 11504103343/30-7-15 |
| 11 | | 3-8(23) | 1688 | ഷാജികുമാർ.പി.എ | 11504103344/30.07.15 |
| 12 | | 3-8(1) | 1125 | കെ.കെ. ഷാജി. | 115-4103522/13-8-15 |
| 13 | | 3-7(24) | 1372 | ടി.കെ. ഷാജി. | 115-4103523/13-8-15 |
| 14 | | 3-8 (2,3,4,5,11,12,24,25,26) | 9902 | നിഷ ശശികുമാർ. | 11504103653/24-8-15 |

| | | | | | |
|---|---|---|---|---|---|
| 15 | 2006-07 | 3-1(1) | 1770 | കെ. സരള. | 11504604687/6-11-15 |
| 16 | | 2-2 (4,10) | 425 | എം.ഇ.കൗസു | 11504105408/16.12.15 |
| 17 | 2010-11, 2011-12 | 3-8 (7,8,9,13,18) | 4275 | കെ. മനോജ്. | 11504106434/25-1-16 |
| 18 | | 3-8(6) | 900 | ടി. അശോകൻ. | 11504106435/25-1-16 |
| 19 | | 3-7(1), 3-8 (16,17,19,20) | 9990 | കെ.സി. പ്രമോദൻ | 11504106520/28-1-16 |
| | | ആകെ | 34,939 | | |

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിവരം ലഭ്യമല്ല

## **4-8** ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 3,69,15,984 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 4,35,93,496 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 2,590 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 5,742 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 8,93,390 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2(3) | 240 | ശ്രീ.പി. രവീന്ദ്രൻ, സെക്രട്ടറി |
| 2-3(1) | 2,350 | ശ്രീ.പി. രവീന്ദ്രൻ, സെക്രട്ടറി |

| | | |
|---|---|---|
| 3-10 | 5,016 | ശ്രീപ്രണാം. കെ. ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 7,606 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 10,000 | ശ്രീ.പി. രവീന്ദ്രൻ, സെക്രട്ടറി |
| 3-4 | 20,851 | ഡോ. ഷിജിൻ ജോസഫ്,<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-5 | 1,47,706 | ശ്രീമതി.എൻ. ഉഷ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 1,59,360 | ശ്രീമതി.എൻ. ഉഷ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 50,000 | ശ്രീമതി.എൻ. ഉഷ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 54,990 | ശ്രീ.പ്രമോദ്. എസ്,കൃഷി ഓഫീസർ |
| 3-9 | 4,50,483 | ശ്രീ.പ്രമോദ്. എസ്,കൃഷി ഓഫീസർ |
| ആകെ | 8,93,390 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 726(VAT) | ശ്രീ.പ്രണാം. കെ. ടി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി. രവീന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, | നാരായണീനിലയം, |

| | | |
|---|---|---|
| | പാട്യം ഗ്രാമ പഞ്ചായത്ത് | കൂരാറ-പി.ഒ,<br>കണ്ണൂർ |
| ശ്രീ.പ്രണാം. കെ. ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പാട്യം ഗ്രാമ പഞ്ചായത്ത് | കൊളങ്ങരക്കണ്ടി ഹൗസ്,<br>പൂക്കോട്- പി.ഒ, കണ്ണൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്./ഡി.2/536(എ)/08തീ. 28-7-2008 | 3 |
| 2003-04 | എൽ.എഫ്./ഡി.2/536(ബി)/08തീ. 28-7-2008 | 2 |
| 2004-05 | എൽ.എഫ്./ഡി.2/536(സി)/08തീ. 28-7-2008 | 1 |
| 2005-06 | എൽ.എഫ്./ഡി.2/536(ഡി)/08തീ. 28-7-2008 | 2 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/സി.6 /989/11തീ.4-10-2012 | 15 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/ഡി.2/593/10 തീ. 13-2-2010 | 26 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ/സി.6 /1608/11തീ.23-11-2012 | 17 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ/സി.6 /1609/11തീ.23-11-2012 | 21 |
| 2010-11<br>2011-12 | എൽ.എഫ്.കെ.എൻ.ആർ/സി.10 /724/13തീ.28-9-2013 | 12 |
| 2012-13 | എൽ.എഫ്.കെ.എൻ.ആർ/സി.10 /978/2015തീ.1-3-2016 | 17 |
| 2013-14<br>2014-15 | എൽ.എഫ്.കെ.എൻ.ആർ/സി.10 /1384/2016തീ.6-8-2016 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി8/2244/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
കണ്ണൂർ

ഫോൺ : 0497 2707698

ഇ മെയിൽ :lfaddistofficeknr@gmail.com
തീയ്യതി :07.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-)o വകുപ്പ് 1994-ലെ കേരള പഞ്ചായത്ത്

രാജ് നിയമത്തിലെ 215-)ം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## AUDIT CERTIFICATE

No. KSA/KNR/C8/2224/2017

Kerala State Audit Department
District Audit Office kannur
Email.lfaddistofficeknr@gmail.com
Phone : 0497 2707698
Date: 07.01.2017

Certified that I have audited the Annual Financial Statement of PATTIAM Grama Panchayat in Kannur District for the year ended on 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of PATTIAM Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office, Kannur.

## അനുബന്ധം 2

# RECEIPT AND PAYMENT STATEMENT OF PATTIAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 28598849.00 |
| | Cash | RP-40(a) | 236612.00 |
| | Receipts | | |
| Operating | | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 975840.00 |
| 140000000 | Fees & User Charges | RP-4 | 346741.00 |
| 150000000 | Sale & Hire Charges | RP-5 | 155038.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9193988.00 |
| 171000000 | Interest Earned | RP-9 | 147029.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23406008.00 |
| 350000000 | Other Liabilities | RP-36 | 18264.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 2825.00 |
| 311000000 | Earmarked Funds | RP-29 | 8410.00 |
| 340000000 | Deposits Received | RP-34 | 175627.00 |
| 350000000 | Other Liabilities | RP-36 | 109036.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2349178.00 |
| 460000000 | Loans, Advances and Deposits | RP-47 | 28000.00 |
| Grand Total | | | 65751445.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1603810.00 |
| 220000000 | Administrative Expenses | RP-12 | 1562680.00 |
| 230000000 | Operations & Maintenance | RP-13 | 723677.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2746406.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11164520.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 74299.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 431820.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 348320.00 |

| | | | |
|---|---|---|---|
| 255000000 | Maintance Projects | RP-20 | 5290969.00 |
| 280000000 | Prior Perid Items | RP-26 | -58353.00 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 682457.00 |
| 350000000 | Othes Liabilities | RP-36 | 3264865.00 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 98307.00 |
| 330000000 | Secured Loans | RP-32 | 1187500.00 |
| 340000000 | Deposits Received | RP-34 | 172946.00 |
| 350000000 | Other Liabilities | RP-36 | 1144157.00 |
| 410000000 | Fixed Assets | RP-38 | 6766787.00 |
| 412000000 | Capital Work in Progress | RP-40 | 6233470.00 |
| 460000000 | Loans, Advances and Deposits | RP-47 | 154859.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 22099708.00<br>58241.00 |
| Grand Total | | | 65751445.00 |

## അനുബന്ധം 3

# INCOME AND EXPENDITURE STATEMENT OF PATTIAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3250491.00 |
| 130000000 | Rental Income from panchayat properties | I-3 | 102756.00 |
| 140000000 | Fees & User Charges | I-4(b) | 386241.00 |
| 150000000 | Sale & Hire Charges | I-5(b) | 155038.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 70634968.00 |
| 171000000 | Interest Earned | I-8 | 147029.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 2825.00 |
| A | Total Income | | 74679348.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 5993851.00 |
| 220000000 | Administrative Expenses | I-11(b) | 1562680.00 |
| 230000000 | Operations & Maintenance | I-12(b) | 723677.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 6508440.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 16641060.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 74299.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 731820.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 31997760.00 |
| 255000000 | Maintance Projects | I-14(e) | 5290969.00 |
| 270000000 | Provision and write off | I-16 | 441.00 |
| 272000000 | Depreciation | I-17(a) | 6222056.00 |
| B | Total Expenditure | | 75845360.00 |
| C=A-B | Gross Surplus / Defict Income over Expenditure | | (1166012.00) |
| D= 280000000 | Prior Period Item | I-18 | 1279381.00) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (2445393.00) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം 4

# BALANCE SHEET OF PATTIAM GRAMA PANCHAYAT AS ON 31-3-2016

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 13612448.49 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | B-2 | 64299.00 |
| 312000000 | Reserves | B-3 | 47334325.00 |
| | Total Reserve & Surplus | | 61011072.49 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2138765.00 |
| | Total Grants,Contribution for specific purposes | | 2138765.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5887500.00 |
| | Total Loans | | 5887500.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 786005.00 |
| 350000000 | Other Liabilities | B-9 | 764273.11 |
| | Total Current Liabilities and Provisions | | 1550278.11 |
| | TOTAL LIABILITIES | | 70587615.60 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 51772553.00 |
| 411000000 | Accumulated Depreciation | B-11 | (10221058.00) |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | B-11(a) | 179419.00 |
| | Total Fixed Assets | | 41730914.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 748393.00 |
| 450000000 | Cash and Bank balance | B-17 | 22157949.00 |
| 460000000 | Loans, Advances and Deposits | B-18 | 62859.00 |
| | Total Current Assets,Loans and Advances | | 28856701.60 |
| | TOTAL ASSETS | | 70587615.60 |